ശ്രീ. എം കെ. ജോർജ്ജ്: മതപരിവർത്തനം നടത്തുന്ന ആളുകൾ 5 തലമുറ കഴിഞ്ഞിട്ടും അവശസമുദായത്തോടൊപ്പം അവശരായിക്കഴിയുകയാണ്. അവർക്ക് സാംസ്കാരിക നിലവാരത്തിലും അവശതയാണ്, സാമ്പത്തിക നിലവാരത്തിലും അവശതയാണ് മറ്റെല്ലാ മണ്ഡലങ്ങളിലും അവശതയാണ്. അവർക്കുകൂടി ഇത്തരം ഫീസാനുകൂല്യം ചെയ്തുകൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെ കൊടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഹരിജനങ്ങൾക്കു കൊടുക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുമറ്റുമുള്ള മാനദണ്ഡം അയിത്താചരണമാണ്. അയിത്താചരണത്തിൽനിന്നുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവയ്ക്കു പരിഹാരമായിട്ടാണ് ഈ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നത്. മതപരിവർത്തനം ചെയ്ത ആളുകൾക്കു ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യം സംസ്ഥാനഗവണ്മെന്റ് പ്രത്യേകം പരിഗണിച്ചുകൊടുക്കുന്ന ആനുകൂല്യമാണ്. അതുകൊണ്ടാണ് 5 തലമുറ എന്നു വച്ചിട്ടുള്ളത്.

ശ്രീ. എം. കെ. ജോർജ്ജ്: മതപരിവർത്തനം അവശതയുടെ കാരണമല്ലെന്നുള്ള കാര്യം ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ: മതപരിവർത്തനംകൊണ്ട് അവശത പരിഹരിക്കപ്പെട്ടുമെന്നു ഗവണ്മെന്റ് കണക്കാക്കുന്നില്ല.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ പുനഃസംഘടന

*138 (465) **ശ്രീ. പി. എൻ. ചന്ദ്രസേനൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ പുനഃസംഘടന ഏതുവിധത്തിൽ നടത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഈ വർഷം പുനഃസംഘടനാപരമായി എന്തെല്ലാം കാര്യങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) 8-8-1969-ൽ അൺസ്റ്റാർഡ് ചോദ്യം 154-ന് നൽകിയിട്ടുള്ള മറുപടിയിലേയ്ക്ക് ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: 8-8-1969-ൽ ചോദിച്ച കാര്യം എന്നു നടപ്പിലാകുമെന്നാണ് ഇപ്പോൾ ചോദിച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്നു നടപ്പിലാകുമെന്നു ഇപ്പോൾ തീർത്തുപറയാൻ ഒക്കുകയില്ല.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഒരു ചോദ്യം അൺസ്റ്റാർഡായി വന്നതാണെന്നു വച്ച് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാതിരിക്കുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരു ചോദ്യം സ്റ്റാർഡായിട്ടോ അൺസ്റ്റാർഡായിട്ടോ വന്നാൽ അതിനുമുൻപു ഉത്തരം നൽകിയതാണെങ്കിൽ രണ്ടാമതും സഭയുടെ സമയം മിനക്കെടുത്തേണ്ട എന്നു വിചാരിച്ചാണ് ഇങ്ങനെ ചെയ്തത്.

ശ്രീ. കെ ടി. ജേക്കബ്: സർ, ചോദ്യം അനുവദിച്ചു സഭയിൽ വന്നാൽ.....

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. പോയിന്റ് ഓഫ് ഓർഡറിന്റെയൊന്നും ആവശ്യമില്ല. ഒരു ചോദ്യം സ്റ്റാർഡായിട്ടും അൺസ്റ്റാർഡായിട്ടും വന്നാൽ സ്റ്റാർഡിനു് ഒരുത്തരവും അൺസ്റ്റാർഡിനു് വേറൊരുത്തരവും പായുക പതിവില്ലല്ലോ. രണ്ടു ചോദ്യത്തിനുമുള്ള ഉത്തരം ഒന്നുതന്നെയാണു്. പാർലമെന്ററി പ്രാക്ടീസനുസരിച്ചു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ എന്നേയുള്ള. ഇതെപ്പറ്റി എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാം.

ശ്രീ. കെ. ടി. ജേക്കബ്ബു്: സർ, ചോദ്യം അനുവദിച്ചു് സഭയിൽ വന്നാൽ അതു് ചോദ്യകർത്താവിന്റെ മാത്രം ചോദ്യമല്ല. എല്ലാ മെംബർമാർക്കും ആ ചോദ്യത്തിന്റെ ഉപചോദ്യങ്ങളും ചോദിക്കുവാൻ അവകാശമുണ്ടു്. ഇപ്പോഴത്തെ ഒരു മെംബറും മന്ത്രിയും തമ്മിലുള്ള ചോദ്യമെന്നുള്ള നിലയിലാണു് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതു്.

മി. സ്പീക്കർ: അങ്ങനെയല്ല ഒരു ചോദ്യം സഭയുടെ മേശപ്പുറത്തു വന്നുകഴിഞ്ഞാൽ അതു് മെംബറുടെയും മന്ത്രിയുടെയും ചോദ്യമല്ല, സഭയുടെ പൊതുസ്വത്താണു്.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: സർ, ഉത്തരം പറയുന്നതിനു് എനിക്കു് വിരോധമില്ല.

(എ, ബി) നിലവിലുള്ള വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറന്മാരുടെ ഓഫീസുകളും തുടർന്നുപോകണമോ വേണ്ടയോ എന്നതിനെപ്പറ്റി പരിശോധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി നിയമിച്ചിരുന്ന സ്പെഷ്യലാഫീസർ അദ്ദേഹത്തിന്റെ റിപ്പോർട്ടു് ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടു്. ഇതിൽ ഡിപ്പാർട്ടുമെന്റു് പുനഃസംഘടന സംബന്ധിച്ചു് പല നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ടു്. ഈ റിപ്പോർട്ടു് ഇപ്പോഴും ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണു്. ഇതിന്മേൽ അവസാന തീരുമാനമെടുക്കുന്നതിനുമുൻപു് പുനഃസംഘടന ഏതുവിധത്തിൽ നടപ്പിൽ വരുത്തുമെന്നു് നിശ്ചയം പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. കെ. ശേഷൻ: കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തു് മി. നാരായണൻനമ്പ്യാരുടെ പുനഃസംഘടനാ റിപ്പോർട്ടിന്മേലുള്ള തീരുമാനം ഉടൻതന്നെ ഗവർണ്മെന്റു് പ്രഖ്യാപിക്കുന്നതാണെന്നു് ബഹുമാനപ്പെട്ട മന്ത്രി പായുകയുണ്ടായി. അതു കഴിഞ്ഞു് ഇത്രയും മാസമായിട്ടും തീരുമാനമെടുത്തു കാണുന്നില്ല. അതുകൊണ്ടു് എത്രയുംവേഗം വേണ്ട നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: ഉടൻതന്നെ തീരുമാനമെടുക്കുമെന്നു പറഞ്ഞതായി ഓർക്കുന്നില്ല. ഈ വക പുനഃസംഘടനയുടെ കാര്യമൊക്കെ ഒരു കാലപരിധി വച്ചുചെയ്യണമെന്നു വിചാരിച്ചാൽ സാധിക്കുകയില്ല. അതിനു് പല പ്രതികരണങ്ങളുമുണ്ടാകും; പല പ്രത്യാഘാതങ്ങളുമുണ്ടാകും. പുനഃസംഘടനയെപ്പറ്റി പറയുകയാണെങ്കിൽ വിദ്യാഭ്യാസ ജില്ലകളുടെയും ഉപജില്ലകളുടെയും പുനഃസംവിധാനങ്ങളും മുതലായ പ്രശ്നങ്ങളുണ്ടു്. കൂടപ്പുണ്ടും ക്ഷണിച്ചുവരുത്തുന്നതിനേക്കാൾ അല്പം താമസിച്ചു് ആലോചിച്ചു നന്നായി ചെയ്യുന്നതാണു് നല്ലതെന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മെംബറും ആ അഭിപ്രായത്തോടു യോജിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ, എൻ. കെ. ശേഷൻ: ആർ. ഡി. ഡി. ആഫീസുകളും നിറുത്തലാക്കണമെന്ന പ്രശ്നത്തോടൊപ്പം ഈ സഭയിൽ ഉയർന്നുവന്നിട്ടുള്ള മറെറാരു പ്രശ്നം വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും പുനഃസംവിധാനം ചെയ്യണമെന്നുള്ളതാണു്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ഉപജില്ലകളുടെ കാര്യം മാത്രമേ വന്നിട്ടുള്ള. അതുകൊണ്ടു് ആർ. ഡി. ഡി. ആഫീസുകളുടെ നില എന്താണെന്നു പറയാമോ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: ആർ. ഡി. ഡി. ആഫീസുകളും നിറുത്തൽ ചെയ്യാൽ ഡി.ഇ.ഒ. യുടെയും ഡി പി.ഐ യുടെയും ഇടയിൽ കാര്യങ്ങളും ചെയ്യുന്നതിനുള്ള ഒരു മെഷിനറി എന്തായിരിക്കും ഉണ്ടാക്കേണ്ടതു് എന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. ഡി. ഇ. ഒ. തീരുമാനമെടുക്കുന്ന കാര്യത്തിൽ ഡി. പി. ഐ. ക്കു് എത്ര മാത്രം തീരുമാനമെടുക്കാൻ സാധിക്കും ഹെഡ്മാസ്റ്റർമാരുടെ മേൽ ഡി. ഇ. ഒ. ക്കു് എന്തെല്ലാം തീരുമാനമെടുക്കാൻ സാധിക്കും എന്നുള്ളതൊക്കെ പരിശോധിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ ചെയ്താൽ വളരെ അനാശാസ്യമായ കേന്ദ്രീകരണം ഉണ്ടായേക്കുമെന്നും പൂർവ്വഗതിയിലേയ്ക്കു തിരിച്ചുപോകേണ്ടി വരികയില്ലേ എന്നുള്ളതുകൊണ്ടാണു് പൊട്ടന്നൊരു തീരുമാനമെടുക്കാത്തതു്. ശ്രീ. നാരായണൻ നമ്പ്യാരുടെ റിപ്പോർട്ടിൽ ചില നിർദ്ദേശങ്ങളും വച്ചിട്ടുണ്ടു്. അതു് ഗവണ്മെന്റു് ആലോചിച്ചു് അവസാന തീരുമാനമെടുക്കുമ്പോഴും ബഹുമാനപ്പെട്ട മെംബർമാർക്കു് അറിയുവാൻ കഴിയും.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: ആർ. ഡി. ഡി. ആഫീസുകളും നിറുത്തലാക്കുന്നു എന്നുള്ള ധാരണയുടെ അടിസ്ഥാനത്തിലാണെന്നു തോന്നുന്നു ആർ. ഡി. ഡി. മാരുടെ നിലവിലുണ്ടായിരുന്ന പല അധികാരങ്ങളും ഡി. ഇ. ഒ. മാർക്കു് കൈമാറം ചെയ്തിട്ടുണ്ടു്. അതിന്റെ ഫലമായി ആർ. ഡി. ഡി. ആഫീസിന്റെ പ്രവർത്തനം സ്തംഭനത്തിലാകുമെന്നുള്ള വസ്തുത പരിഗണിച്ചു് അവസാന തീരുമാനമെടുക്കുന്നതിനു് എത്രയുംവേഗം നടപടികളും സ്വീകരിക്കുമെന്നുള്ള അഭ്യർത്ഥന ഗവണ്മെന്റു് സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ നിഗമനങ്ങളോടൊന്നും യോജിക്കുന്നില്ല, അഭ്യർത്ഥനയോടു് യോജിപ്പുണ്ടു്.

ശ്രീ. കെ. ടി. ജേക്കബ്ബു്: വളരെ കാര്യമായി ആലോചിച്ചു മാത്രമേ അവസാന തീരുമാനമെടുക്കുകയുള്ളു എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതു് അംഗീകരിക്കുന്നു. പക്ഷേ ''കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലാതാകുമോ''?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കുളിപ്പിക്കാൻ അറിയാവുന്നവർ കുളിപ്പിച്ചാൽ എല്ലാം ശരിയാകും.

ശ്രീ. എ. കെ. അപ്പു: നാരായണൻ നമ്പ്യാരുടെ റിപ്പോർട്ടു് അംഗങ്ങൾക്കു വിതരണം ചെയ്യാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതേപ്പറ്റി ഇപ്പോഴും പറയാൻ സാധിക്കുകയില്ല. പ്രിൻറു് ചെയ്തു വന്നിട്ടുണ്ടോ എന്നുപോലുമറിഞ്ഞുകൂടാ.

ശ്രീ. പി. പി. ജോജ്ജു: ഈ റിപ്പോർട്ടിലെ നിർദ്ദേശമനുസരിച്ചു് എ. ഇ. ഒ. മാരുടെയും ഡി. ഇ. ഒ. മാരുടേയും എണ്ണം വർദ്ധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വർദ്ധിക്കും.

ശ്രീ. പി. പി. ജോജ്ജു: എത്രയാണെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും പറയാൻ ഒക്കുകയില്ല.

ശ്രീ. വി. വി. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിൽ തളിപ്പറമ്പു താലൂക്കിൽ പുതിയ വിദ്യാഭ്യാസജില്ല സ്ഥാപിക്കുമോ, സ്ഥാപിക്കുമെങ്കിൽ എപ്പോൾ സ്ഥാപിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്ഥാപിക്കുമെന്നതന്നെ പറയാൻ സാധിക്കുകയില്ല. അതുകൊണ്ടു് എപ്പോൾ സ്ഥാപിക്കുമെന്നും പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വിദ്യാഭ്യാസ പുനഃസ്സംവിധാനം സംബന്ധിച്ച് ഉണ്ടായിട്ടുള്ള നാരായണൻ നമ്പ്യാരുടെ റിപ്പോർട്ട് ഞങ്ങൾക്ക് കിട്ടുകയും ഞങ്ങളുടെ രേഖാമൂലമുള്ള അഭിപ്രായങ്ങൾ ആവശ്യപ്പെടുകയും ഞങ്ങൾ കൊടുക്കുകയും ചെയ്തിട്ട് വളരെക്കാലമായി, അതിന്മേൽ നടപടിയെടുത്തിട്ടുണ്ടോ? വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്തംഭനാവസ്ഥയുണ്ടെന്നു പറയുന്നതു് ശരിയല്ല. അദ്ധ്യാപകസംഘടന ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണു്. അതു കഴിഞ്ഞ നടപടി പുരോഗമിക്കുകയുള്ളൂ.

കേരള സെക്രട്ടേറിയറ്റ് ക്ലാസ്സ് IV എംപ്ലോയീസ് അസോസിയേഷൻ

* 139 [466] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
,, ഇ. വി. കുമാരൻ
,, മമ്മുഫാകെമാൽ
} താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ് ക്ലാസ് IV എംപ്ലോയീസ് അസോസിയേഷനിൽനിന്നും സെക്രട്ടേറിയറ്റ് പാർട്ടുടൈം കണ്ടിജൻസി ജീവനക്കാരുടെ ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) പാർട്ടുടൈം ജീവനക്കാരുടെ നിലവിലുള്ള ശമ്പളസ്കെയിൽ എന്തു് ;

(സി) 1958–നു ശേഷം ഈ വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ടു്.

(ബി) ശമ്പളം 7രൂ. 12രൂ 15രൂ, / ഡി. എ. 43 രൂപ.

(സി) അടിസ്ഥാനശമ്പളം പരിഷ്കരിച്ചിട്ടില്ല. ഡി. എ. ആറുപ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടു്.

(ഡി) ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളും അതിന്റെ സാമ്പത്തിക ബാദ്ധ്യതകളും പരിഗണിച്ചശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ വിഭാഗം ജീവനക്കാരുടെ ശമ്പളം വളരെ തുച്ഛമാണെന്നുള്ളതു പരിഗണിച്ചു് 1958–നുശേഷം ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ളതു് കണക്കിലെടുത്തു് എത്രയുംവേഗം ഇതിനെക്കുറിച്ചു് തീരുമാനമെടുക്കാൻ ഒരുമ്പെടുമോ ?

ശ്രീമതി കെ. ആർ ഗൗരി: നിലവിലിരിക്കുന്നതാണു് പറഞ്ഞതു്. അതിനു ശേഷം മിനിമത്തെസംബന്ധിച്ചു് തീരുമാനം എടുത്തിട്ടുണ്ടു്; ഇപ്പോൾ മിനിമം പത്തുരൂപയെന്നാണു് ഓർമ്മ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പാർട്ടുടൈം ആയി കഴിയുന്നവരെ ഫുൾടൈം ആക്കുകയെന്നതു് ഒരു നയമായി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: സാധാരണയായി നടന്നുവരുന്നതു് അതാണു്. വേക്കൻസിയുണ്ടെങ്കിൽ എച്ചീജിബിളം ആയിട്ടുള്ളവരേയും കാളിഫൈഡ് ആയിട്ടുള്ളവരേയും പാർട്ടുടൈം എന്നതു ഫുൾടൈമാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly